(ii) ഇതര ചരിത്ര കൃതികൾ

നബിക്ക് ശേഷമുള്ള ഇസ്‌ലാമിക ചരിത്രം പ്രതിപാദ്യത്തെ അടിസ്ഥാനമാക്കി രണ്ടായി തിരിക്കാവുന്നതാണ്. ഒന്ന്, പൊതു ചരിത്രം. ഇസ്‌ലാമിക ചരിത്രത്തിന്റെ നാനാ തലങ്ങളെയും സ്പർശിക്കുന്നതാണ് പൊതു ചരിത്രം. ജീവ ചരിത്രമാണ് രണ്ടാമത്തേത്. വിവിധ മേഖലകളിൽ വ്യക്തിമുദ്രകളർപ്പിച്ച വ്യക്തിത്വങ്ങളെക്കുറിച്ചുള്ള പഠനമാണ് ജീവചരിത്രം. അതുതന്നെ രണ്ടു വിധമുണ്ട്. ഹദീഥ് നിരൂപണാവശ്യാർഥം നിവേദകന്മാരെക്കുറിച്ചുള്ള പഠനമാണ് അവയിലൊന്ന്. ഒരാളുടെ വ്യക്തിത്വത്തിന്റെ ബഹുമുഖ തലങ്ങളെക്കുറിച്ച് അവയിൽ പരാമർശിച്ചെന്ന് വരില്ല. അയാളുടെ ഹദീഥ് സ്വീകാര്യമാണോ അല്ലേ എന്ന് തീരുമാനിക്കാൻ ആവശ്യമായ വിവരങ്ങളേ അവയിൽ ഉണ്ടായിരിക്കുകയുള്ളൂ. അസ്മാഉർരിജാൽ എന്ന പേരിലാണ് ഈ വിജ്ഞാന ശാഖ അറിയപ്പെടുന്നത്. ഇത്തരത്തിൽ ലക്ഷക്കണക്കിനു ആളുകളുടെ ജീവചരിത്രം പ്രതിപാദിക്കുന്ന ഒട്ടേറെ ഗ്രന്ഥങ്ങൾ വിവിധ കാലങ്ങളിൽ പുറത്തിറങ്ങിയിട്ടുണ്ട്. ഇബ്നുഹജരിൽ അസ്ഖലാനിയുടെ *തഹ്ദീബുത്തഹ്ദീബ്, ലിസാനുൽ മീസാൻ*, ഹാഫിള് അബുൽഹജ്ജാജിൽ മിസ്സിയുടെ *തഹ്ദീബുൽ കമാൽ*, ദഹബിയുടെ *മീസാനുൽ ഇഅ്തിദാൽ*, ഇമാം ബുഖാരിയുടെ *അത്താരീഖുൽ കബീർ* തുടങ്ങിയവ ഉദാഹരണം. വ്യക്തികളുടെ ബഹുമുഖ ജീവചരിത്രമാണ് രണ്ടാമത്തേത്. ഒരാളുടെ വ്യക്തിത്വത്തിന്റെ ഭിന്ന തലങ്ങളെക്കുറിച്ചറിയാൻ ഇത്തരം സമഗ്ര ജീവ ചരിത്രങ്ങളെയാണ് അവലംബിക്കേണ്ടത്. ഇത്തരത്തിലുള്ള അസംഖ്യം ജീവ ചരിത്ര കൃതികൾ ഇസ്‌ലാമിക ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ വിരചിതമായിട്ടുണ്ട്. ഇബ്നുസഅ്ദിന്റെ *അത്ത്വബഖാതുൽ കുബ്റാ*, ഇബ്നുൽജൗസിയുടെ *മനാഖിബുൽ ഇമാമി അഹ്മദബ്നി ഹൻബൽ* തുടങ്ങിയവ ഉദാഹരണം.

പൊതു ചരിത്രത്തിൽ ആദ്യകാല ഖിലാഫതിന്റെ ചരിത്രം പ്രതിപാദിക്കുന്ന ബസ്റഃയിലെ അലിയ്യുബ്നു മുഹമ്മദിൽ മദാഇനി(225/840)യുടെ ഗ്രന്ഥമാണ് ആദ്യമായി വരുന്നത്. ഇറാഖീ നിവേദനങ്ങളെ ഹദീഥ് നിവേദനത്തിലെ മദീനഃക്കാരുടെ സവിശേഷ മാനദണ്ഡമനുസരിച്ച് നിരൂപണം ചെയ്തതിന് ശേഷമേ അദ്ദേഹം ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നതിനാൽ ആദ്യകാല ഖിലാഫതിന്റെ ഒരാധികാരിക റഫറൻസ് എന്ന സ്ഥാനം ഇതിനു ലഭിക്കുകയുണ്ടായി.

ഹി. മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഇസ്‌ലാമിക ചരിത്ര രചന കുറേക്കൂടി വ്യവസ്ഥാപിത രൂപമാർജിച്ചു. ബലാദുരി(മ. 279/892)യുടെ *ഫുതൂഹുൽ ബുൽദാൻ*, അബൂഹനീഫതദ്ദീനവരിയുടെ *അൽഅഖ്ബാറുത്ത്വിവാൽ*, ഇബ്നുജരീരിത്ത്വബരിയുടെ *താരീഖുൽ ഉമമി വൽമുലൂക്*, മസ്ഊദിയുടെ *മുറൂജുദ്ദഹബ്* തുടങ്ങിയവ ക്ലാസിക്കൽ ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങളിൽ കിടയറ്റതാണ്. ലോകാരംഭം മുതല്ക്കുള്ള ലോക ചരിത്രത്തിന്റെ വിശാലമായ ക്യാൻവാസിൽ ഇസ്‌ലാമിക ചരിത്രം പ്രതിപാദിക്കുന്നുവെന്നതാണ് ഈ ഗ്രന്ഥങ്ങളുടെയെല്ലാം പൊതുവായ സവിശേഷത. ഇവയിൽ ഇബ്നുജരീരിത്ത്വബരിയുടെ *താരീഖുൽ ഉമമി വൽമുലൂക്* ഏറ്റവും ആധികാരികമായ ഇസ്‌ലാമിക ചരിത്ര ഗ്രന്ഥം എന്ന നിലയ്ക്കാണ് അറിയപ്പെടുന്നത്. 14 വാല്യങ്ങളുള്ള ഈ ഗ്രന്ഥത്തിൽ നബിയുടെ കാലം തൊട്ട് ഗ്രന്ഥകാരന്റെ കാലം വരെയുള്ള 300 കൊല്ലത്തെ ചരിത്രം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. *താരീഖുത്ത്വബരി*യുടെ ആധികാരികതയും സമഗ്രതയും കാരണം പില്ക്കാല ചരിത്രകാരന്മാരെല്ലാം ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിൽ കൂടുതൽ പഠനത്തിനും ഗവേഷണത്തിനും മുതിരാതെ തങ്ങളുടെ ചരിത്രത്തിൽ അതപ്പടി പകർത്തുകയാണ് ചെയ്തിട്ടുള്ളത്. ശീഈ പക്ഷപാതിയായ സൈഫുബ്നു ഉമറിനെ അവലംബിച്ചുവെന്നത് താരീഖുത്ത്വബരിയുടെ ന്യൂനതയായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ബലാദുരിയുടെയും മസ്ഊദിയുടെയും അബൂഹനീഫതദ്ദീനവരിയുടെയും ഗ്രന്ഥങ്ങളിൽ ഇറാനിയൻ ഗ്രീക്ക് ഇതിഹാസ കഥകളുടെ സ്വാധീനം ഉള്ളതായി വിമർശമുണ്ട്. ഇവരിൽ മസ്ഊദി ഭൂമിശാസ്ത്രകാരനും ലോക സഞ്ചാരിയും കൂടിയായതിനാൽ ഈ സ്വാധീനം സ്വാഭാവികവുമാണ്. ഇബ്നുഖുതൈബഃ, യഅ്ഖൂബി, ഇസ്വഫഹാനി തുടങ്ങിയവരും ക്രി. ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ ഇസ്‌ലാമിക ചരിത്രത്തിന് വിലപ്പെട്ട സേവനങ്ങളർപ്പിച്ചവരാണ്.

ഇബ്നുമിസ്കവൈഹി, അൽബീറൂനി, ഉത്ബി, അൽബക്രി, ഇബ്നുഹയ്യാൻ, ഇബ്നുഹസ്മ്, അൽഖത്വീബുൽ ബഗ്ദാദി തുടങ്ങിയവരാണ് ക്രി. 11–ാം നൂറ്റാണ്ടിലെ പ്രധാന ഇസ്‌ലാമിക ചരിത്രകാരന്മാർ. ഇവരിൽ ഇബ്നുഹയ്യാനും ഇബ്നുഹസ്മും മുസ്‌ലിം സ്പെയ്നിന്റെ സമഗ്ര ചരിത്രം രചിച്ചവരാണ്. അൽബീറൂനിയുടെ *കിതാബുൽ ഹിന്ദ്* പുരാതന ഇന്ത്യയെക്കുറിച്ച വിലപ്പെട്ട വിവരങ്ങൾ അറബികൾക്ക് പകർന്നു നല്കി. ഉത്ബിയുടെ *കിതാബുൽ യമീനി* ഗസ്നീ ഭരണകൂടത്തിന്റെ ചരിത്രമാണ്. അൽഖത്വീബുൽ ബഗ്ദാദിയുടെ 14 വാല്യങ്ങളുള്ള *താരീഖു ബഗ്ദാദ്* എന്ന വിശ്രുത ഗ്രന്ഥം ഹി. 463 വരെയുള്ള ബഗ്ദാദ് പട്ടണത്തിന്റെ പൂർണ ചരിത്രം ഉൾക്കൊള്ളുന്നു. 12–ാം നൂറ്റാണ്ടിലെ ചരിത്രകാരന്മാരിൽ ഇബ്നുഅസാകിർ, മഖ്രീസി, മർവാൻ, നാസിർ ഖുസ്റു തുടങ്ങിയവർ പ്രഥമ ഗണീയരാണ്. ദമസ്കസിന്റെ ചരിത്രം പ്രതിപാദിക്കുന്ന ബൃഹദ് വാല്യത്തിലുള്ള *താരീഖു ദിമശ്ഖ്* ആണ് ഇബ്നുഅസാകിറിന്റെ പ്രധാന കൃതി. മഖ്രീസി ഈജിപ്തിന്റെ ചരിത്രവും മർവാൻ സ്പെയ്നിന്റെ സമഗ്ര ചരിത്രവും എഴുതിയവരാണ്. നാസിർ ഖുസ്റുവിന്റേത് യാത്രാവിവരണമാണെങ്കിലും താൻ സന്ദർശിച്ച രാജ്യങ്ങളുടെ ചരിത്രത്തിലേക്ക് അത് ഉൾക്കാഴ്ച നല്കുന്നുണ്ട്.

ഇബ്നുൽഅഥീർ, സിബ്ത്വു ഇബ്നിൽജൗസി, ഇബ്നുഖല്ലികാൻ, കമാലുദ്ദീൻ, റശീദുദ്ദീൻ, ഇബ്നുശദ്ദാദ്, യാഖൂതുൽ ഹമവി, അബുൽഫറജ് തുടങ്ങിയവരാണ് 13–ാം നൂറ്റാണ്ടിലെ പ്രസിദ്ധരായ ചരിത്രകാരന്മാർ. ഇവരിൽ ഇബ്നുൽഅഥീറിന്റെ *അൽകാമിലു ഫിത്താരീഖ്* ത്വബരിക്കുശേഷം രചിക്കപ്പെട്ട ഏറ്റവും സമഗ്രവും ആധികാരികവുമായ ഇസ്‌ലാമിക ചരിത്ര ഗ്രന്ഥമാണ്. ഇസ്‌ലാമിന്റെ ആരംഭം മുതൽ ക്രി. 1230 വരെയുള്ള ചരിത്രം സവിസ്തരം അതിൽ വിവരിച്ചിരിക്കുന്നു. താതാരികളുടെ ബഗ്ദാദ് അധിനിവേശം വരെയുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ ഏറ്റവും സുവർണ കാലഘട്ടത്തിന്റെ ചരിത്രം പൂർണമായും *അൽകാമിലു ഫിത്താരീഖ്* ഉൾക്കൊള്ളുന്നു. *താരീഖു അതാബികതിൽ മൗസിൽ* എന്നപേരിൽ സങ്കി രാജവംശത്തിന്റെ ചരിത്രവും *ഉസ്ദുൽ ഗാബഃ* എന്ന പേരിൽ സ്വഹാബികളുടെ ജീവചരിത്രവും അദ്ദേഹം രചിച്ചിട്ടുണ്ട്. സിബ്ത്വു ഇബ്നിൽജൗസിയുടെ *മിർആതുസ്സമാൻ ഫീ താരീഖിൽ അഅ്യാൻ* അബ്ബാസീ ഭരണകൂടത്തിന്റെ പതനം വരെയുള്ള ചരിത്രം വിവരിക്കുന്ന ഗ്രന്ഥമാണ്. *വാഖിഅതുൽ അയ്യാം* എന്ന പേരിൽ ഒരു പൊതു ചരിത്രവും *വഫയാതുൽ അഅ്യാൻ* എന്ന പേരിൽ ഒരു ചരിത്രവും ഇബ്നുഖല്ലികാൻ രചിച്ചിട്ടുണ്ട്. കമാലുദ്ദീന്റെ *സുബ്ദതുത്തവാരീഖ്*, റശീദുദ്ദീന്റെ *ജാമിഉത്തവാരീഖ്*, ഇബ്നുശദ്ദാദിന്റെ *മഹാസിനുൽ യൂസുഫിയ്യഃ* തുടങ്ങിയവയും ഈ

കാലഘട്ടത്തിലെ പ്രധാന ചരിത്ര ഗ്രന്ഥങ്ങളാണ്.

14-ാം നൂറ്റാണ്ടിൽ ജീവിച്ച ചരിത്രകാരന്മാരിൽ ഇബ്നുകഥീറും ഇബ്നുഖൽദൂനും ഹാഫിളുബ്നു ഹജറും ഹാഫിള് ദഹബിയും പ്രത്യേകം പരാമർശമർഹിക്കുന്നു. തുടക്കവും ഒടുക്കവും എന്നർഥം വരുന്ന ഇബ്നുകഥീറിന്റെ *അൽബിദായതു വന്നിഹായഃ* എന്ന ചരിത്രകൃതി ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ആധികാരികവും പ്രാമാണികവുമായ ഗ്രന്ഥം എന്ന ഖ്യാതി നേടിയിട്ടുണ്ട്. ചരിത്ര നിവേദനങ്ങളെ നിരൂപണവിധേയമാക്കുന്നതിൽ തന്റെ മുൻഗാമികളായ ത്വബരിയെക്കാളും ഇബ്നുൽഅഥീറിനെക്കാളും ഒരുപടി മുന്നിലാണ് ഇബ്നുകഥീർ. ചരിത്രത്തിന് സാമൂഹിക ശാസ്ത്രമാനം നല്കിയ ചരിത്ര ദാർശനികനാണ് ഇബ്നുഖൽദൂൻ. *അൽഇബർ* എന്ന ചരിത്ര ഗ്രന്ഥവും അതിന്റെ ആമുഖമായ *മുഖദ്ദിമഃ*യുമാണ് ഇബ്നു ഖൽദൂന്റെ ഏറ്റവും വലിയ സംഭാവന. വിശ്രുത ഹദീഥ് പണ്ഡിതനായ ഇബ്നുഹജരിൽ അസ്ഖലാനി *അൽഇസ്വാബഃ, തഹ്ദീബുത്തഹ്ദീബ്, ലിസാനുൽ മീസാൻ* തുടങ്ങിയ ഹദീഥ് നിരൂപണവുമായി ബന്ധപ്പെട്ട കൃതികൾക്കു പുറമേ *ഇൻബാഉൽ ഗുംരി ബി അബ്നാഇൽ ഉംറ്* എന്ന പേരിൽ ഒരു പൊതു ചരിത്ര ഗ്രന്ഥവും രചിച്ചിട്ടുണ്ട്. മുഅർരിഖുൽ ഇസ്‌ലാം എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ദഹബിയുടെ *താരീഖുൽ ഇസ്‌ലാം, അൽഇബർ, ദുവലുൽ ഇസ്‌ലാം, സിയറു അഅ്ലാമിന്നുബലാഅ്, തദ്കിറതുൽ ഹുഫ്ഫാള്* തുടങ്ങിയവ ഇസ്‌ലാമിക ചരിത്രത്തിലെ പ്രാമാണിക ഗ്രന്ഥങ്ങൾ എന്ന അംഗീകാരം നേടിയവയാണ്. *അൽബിദായതു വന്നിഹായഃ, അൽഇബർ, താരീഖുൽ ഇസ്‌ലാം* എന്നിവയെ ഒഴിച്ചുനിർത്തിയാൽ താതാരികളുടെ ബഗ്ദാദ് ആക്രമണശേഷം ഇസ്‌ലാമിക ചരിത്രത്തിൽ അധികവും രചിക്കപ്പെട്ടത് പ്രാദേശിക ചരിത്രമോ സവിശേഷ ഭരണകൂടങ്ങളുടെ ചരിത്രമോ ആണ്. പിന്നീട് ആധുനിക കാലത്താണ് ഇസ്‌ലാമിക ചരിത്രം സമഗ്രമായി കൈകാര്യം ചെയ്യുന്ന ഗ്രന്ഥങ്ങൾ ഏറെയും പുറത്തുവന്നത്. മാത്രമല്ല, ആദ്യകാലത്ത് അറബി ഭാഷയിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ചരിത്ര രചന അബ്ബാസികളുടെ പതനത്തോടെ പേർഷ്യൻ-തുർകി ഭാഷകളിലേക്കുകൂടി വ്യാപിച്ചു. ആധുനിക കാലമായപ്പോഴേക്ക് ഇംഗ്ലീഷ്, ഫ്രഞ്ച്, ഉർദു ഭാഷകളിലും മറ്റനേകം പ്രാദേശിക ഭാഷകളിലും ധാരാളം ഇസ്‌ലാമിക ഗ്രന്ഥങ്ങൾ പുറത്തുവരാൻ തുടങ്ങി.

അബുൽമഹാസിൻ തഗ്‌രീബർദിയുടെ *അന്നുജൂമുസ്സാഹിറഃ ഫീ മുലൂകി മിസ്‌റൽ മുഅ്‌സ്വിറഃ,* അബ്ദുർറഹ്മാൻ ജബർതിയുടെ *അജാഇബുൽ ആഥാർ,* മഖ്‌ഖരിയുടെ *നഫ്ഹുത്ത്വീബ്,* അഹ്മദ് ഖാലിദുന്നാസ്വിരിയുടെ *കിതാബുൽ ഇസ്തിഖ്‌സ്വാ ലി അഖ്ബാരിദുവലിൽ മഗ്‌രിബിൽ അഖ്‌സ്വാ* തുടങ്ങിയവ പ്രാദേശിക ചരിത്ര ഗ്രന്ഥങ്ങൾക്കുദാഹരണമാണ്. *അന്നുജൂമുസ്സാഹിറഃ*യും *അജാഇബുൽ ആഥാറും* ഈജിപ്തിന്റെ ചരിത്രവും *നഫ്ഹുത്ത്വീബും കിതാബുൽ ഇസ്തിഖ്‌സ്വാഉം* യഥാക്രമം സ്പെയ്നിന്റെയും മൊറോക്കോയുടെയും ചരിത്രവുമാണ് ഉൾക്കൊള്ളുന്നത്. അത്വാമുൽക് അൽജുവൈനിയുടെ *താരീഖു ജഹാനത്,* അബ്ദുർറസ്സാഖ് സമർഖന്ദിയുടെ *മത്‌ലഉസ്സഅ്ദൈൻ* തുടങ്ങിയവ ഭരണകൂടങ്ങളുടെ ചരിത്രത്തിന് ഉദാഹരണമാണ്. ഇവയിൽ *താരീഖു ജഹാനത്* മംഗോളുകളുടെയും ഖുവാരിസ്മ് ഷാഹി ഭരണകൂടത്തിന്റെയും ചരിത്രമാണ്; *മത്‌ലഉസ്സഅ്ദൈൻ* ഈൽഖാനി ഭരണാധികാരിയായിരുന്ന അബൂസഈദിന്റെ ഭരണകാലം മുതൽ തിമൂരി ഭരണാധികാരി അബൂസഈദിന്റെ കാലം വരെയുള്ള ചരിത്രവും. നുവൈരിയുടെ *നിഹായതുൽ അറബ് ഫീ ഫുനൂനിൽ അദബ്,* ഖൽഖശൻദിയുടെ *സ്വുബ്ഹുൽ അഅ്ശാ* തുടങ്ങിയവയിൽ മംലൂക് ഭരണകൂടത്തിന്റെ ചരിത്രം സവിസ്തരം പ്രതിപാദിക്കുന്നു. ഖാദി മിൻഹാജുസ്സിറാജിന്റെ *ത്വബഖാതുന്നാസ്വിരി,* ദിയാഉദ്ദീൻ ബർഫിയുടെ *താരീഖ് ഫീറുസ് ഷാഹി,* അബുൽഖാസിം ഫിരിശ്തയുടെ *താരീഖെ ഫിരിശ്ത,* നിളാമുദ്ദീൻ അഹ്മദിന്റെ *ത്വബഖാതെ അക്ബരി,* അബ്ദുൽ ഖാദിർ ബദായൂനിയുടെ *മുൻതഖബുത്തവാരീഖ്* തുടങ്ങിയവ പേർഷ്യൻ ഭാഷയിൽ രചിക്കപ്പെട്ട പ്രധാന ചരിത്ര ഗ്രന്ഥങ്ങളാണ്. ഇപ്പറഞ്ഞ ഗ്രന്ഥങ്ങളെല്ലാം ഇന്ത്യയിലെ മുസ്‌ലിം ഭരണകൂടങ്ങളെ സംബന്ധിച്ച സവിശദവും ആധികാരികവുമായ ചരിത്രം ഉൾക്കൊള്ളുന്നവയാണ്.

ഇന്ത്യയിലെ ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രം പ്രതിപാദിക്കുന്ന ഒട്ടേറെ ഇംഗ്ലീഷ് കൃതികളും പുറത്തുവന്നിട്ടുണ്ട്. മുസ്‌ലിംകളെക്കൂടാതെ അമുസ്‌ലിം ചരിത്രകാരന്മാരും ഈ രംഗത്ത് വിലപ്പെട്ട സേവനങ്ങൾ അർപ്പിച്ചിട്ടുണ്ട്. മുഗൾ കാലഘട്ടത്തെക്കുറിച്ച ആധികാരികമായ ഗ്രന്ഥങ്ങളുടെ കർത്താവാണ് ഡോ. ഇർഫാൻ ഹബീബ്. അദ്ദേഹത്തിന്റെ *അഗ്രേറിയൻ സിസ്റ്റം ഓഫ് മുഗൾ ഇന്ത്യ, ആൻ അറ്റ്‌ലസ് ഓഫ് ദ മുഗൾ എമ്പയർ,* ഇശ്തിയാഖ് ഹുസൈൻ ഖുറേശിയുടെ *ദ അഡ്മിനിസ്ട്രേഷൻ ഓഫ് ദ മുഗൾ എമ്പയർ,* ഹസനൈൻ എസ്.ഇ.യുടെ *ഇന്ത്യൻ മുസ്‌ലിംസ്,* ഹോഡി വിലയുടെ *ഹിസ്റ്ററി ഓഫ് ഇന്ത്യൻ മുസ്‌ലിംസ്,* ഡോ. ഈശ്വരി പ്രസാദിന്റെ *എ ഷോർട്ട് ഹിസ്റ്ററി ഓഫ് മുസ്‌ലിം റൂൾ ഇൻ ഇന്ത്യ, ഗുലാം ഹുസൈൻ സാലിമിന്റെ ഹിസ്റ്ററി ഓഫ് ബംഗാൾ,* ആർ.വി. ത്രിപാഠിയുടെ *റൈസ് ആന്റ് ഫാൾ ഓഫ് മുഗൾ എമ്പയർ,* ഖലീഖ് അഹ്മദ് നിളാമിയുടെ *സ്റ്റേറ്റ് ആന്റ് കൾച്ചർ ഇൻ മിഡീവൽ ഇന്ത്യ,* എം. മുജീബിന്റെ *ദ ഇന്ത്യൻ മുസ്‌ലിംസ്,* കുൻദ്ര & ബാവയുടെ *ഹിസ്റ്ററി ഓഫ് മുസ്‌ലിം റൂൾ ഇൻ ഇന്ത്യ,* റാം ഗോപാലിന്റെ *ഇന്ത്യൻ മുസ്‌ലിംസ് എ പൊളിറ്റിക്കൽ ഹിസ്റ്ററി,* ലാൽ കെ.എസിന്റെ *ഹിസ്റ്ററി ഓഫ് ഖൽജിസ്,* റിച്ചാർഡ് എം. ഈഷറിന്റെ *ദ റൈസ് ഓഫ് ഇസ്‌ലാം ആന്റ് ദ ബംഗാൾ ഫ്രോണ്ടിയർ,* പ്രൊഫ. മുശീറുൽ ഹസന്റെ *ലഗസി ഓഫ് എ ഡിവൈഡഡ് നാഷൻ, ഇന്ത്യാസ് മുസ്‌ലിംസ് സിൻസ് ഇന്റിപെന്റൻസ്,* റോളണ്ട് ഇ. മില്ലറിന്റെ മാപ്പിള മുസ്‌ലിംസ് ഓഫ് കേരള, എ.പി. ഇബ്‌റാഹീം കുഞ്ഞിന്റെ *മാപ്പിള മുസ്‌ലിംസ്,* ടോട്ടൻഹാമിന്റെ *1921 മലബാർ റിബലിയൻ* തുടങ്ങിയവ ഇന്ത്യയിലെ മുസ്‌ലിം ചരിത്രം വിവരിക്കുന്ന പ്രധാന ഇംഗ്ലീഷ് രചനകളാണ്. സയ്യിദ് അമീർ അലിയുടെ *എ ഷോർട്ട് ഹിസ്റ്ററി ഓഫ് സാരസൺസ്,* പ്രൊഫ. മസ്ഊദുൽ ഹസന്റെ *ഹിസ്റ്ററി ഓഫ് ഇസ്‌ലാം* തുടങ്ങിയവ ഇസ്‌ലാമിക ചരിത്രത്തിന്റെ വൈവിധ്യമാർന്ന തലങ്ങളെക്കുറിച്ച് ദക്ഷിണേഷ്യയിൽ രചിക്കപ്പെട്ട പ്രധാന ഇംഗ്ലീഷ് കൃതികളാണ്.

ഉഥ്മാനികളുടെ ഭരണകാലത്താണ് തുർകി ഭാഷയിൽ ഇസ്‌ലാമിക ചരിത്രം അധികവും രചിക്കപ്പെട്ടത്. കമാൽ പാഷ സാദയുടെ *താരീഖു ആലി ഉഥ്മാൻ,* ഖാജ സഅ്ദുദ്ദീന്റെ (മ. 1599) *താജുത്തവാരീഖ്,* മുസ്ത്വഫാ അലി ചലീബിയുടെ *കുൻഹുൽ അഖ്ബാർ* തുടങ്ങിയവയാണ് തുർകിയിലെ പ്രധാന ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങൾ. ഇവയിൽ മുസ്ത്വഫാ അലി ചലീബിയുടെ *കുൻഹുൽ അഖ്ബാർ* ഇസ്‌ലാമിക ചരിത്രം സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥമാണെങ്കിലും തുർകികളുടെ ചരിത്രം വിവരിക്കുന്ന ഭാഗമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. കമാൽ പാഷാ സാദയുടെ *താരീഖു ആലി ഉഥ്മാനി*ൽ ഹി. 886 മുതൽ 933 വരെയുള്ള ഉഥ്മാനീ സൽത്വനതിന്റെ ചരിത്രമാണ് പ്രതിപാദ്യം. ഉഥ്മാനീ ക്ലാസിക്കൽ ചരിത്രകാരന്മാരായാണ് ഇവർ അറിയപ്പെടുന്നത്.

ക്ലാസിക്കൽ ഇസ്‌ലാമിക ചരിത്ര കൃതികൾ മിക്കവയും വസ്തു നിഷ്ഠതക്കും ആധികാരികതക്കും പേര് കേട്ടവയാണെങ്കിലും അവയുടെ സവിശേഷമായ ഘടനയും രചനാരീതിയും കാരണം ആധുനിക മനസ്സുമായി സംവദിക്കാൻ

വളരെ പ്രയാസപ്പെടുന്നതായാണ് അനുഭവം. ഓരോ വർഷത്തെയും സംഭവങ്ങൾ ഒരുമിച്ച് ഒരു സ്ഥലത്ത് പറയുന്ന രീതിയാണ് ഈ ഗ്രന്ഥങ്ങൾ മിക്കവയും പിന്തുടരുന്നത്. ഈ രചനാ രീതി വിഷയാടിസ്ഥാനത്തിലുള്ള വർഗീകരണം അസാധ്യമാക്കുന്നു. ഒരു വ്യക്തിയുടെ അല്ലെങ്കിൽ ഒരു ഭരണകൂടത്തിന്റെ സമ്പൂർണ ചരിത്രം ലഭിക്കണമെങ്കിൽ ഒട്ടേറെ സ്ഥലങ്ങളിൽ പരതേണ്ട അവസ്ഥയാണ് ഇത് വായനക്കാരന്നുണ്ടാക്കുന്നത്. നാഗരിക- സാംസ്കാരിക നേട്ടങ്ങളെക്കാൾ യുദ്ധങ്ങൾക്കും ഇസ്‌ലാമിക സമൂഹത്തിലെ സൈദ്ധാന്തിക വടംവലികൾക്കുമാണ് കൂടുതൽ പ്രാമുഖ്യം കല്പിക്കുന്നതെന്നതും ഈ ഗ്രന്ഥങ്ങളുടെ ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ അക്കാലത്തെ സാമൂഹിക-സാംസ്കാരിക ജീവിതം അവയിൽനിന്ന് വായിച്ചെടുക്കാനും വളരെ ക്ലേശിക്കേണ്ടി വരുന്നു. സാമൂഹിക സാംസ്കാരിക ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന സൂചനകൾ അവയിൽ ഇല്ലെന്നല്ല. മറിച്ച്, അവ അടുക്കും ചിട്ടയുമില്ലാതെ പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്നുവെന്നതാണ് പ്രശ്നം.

എന്നാൽ ഇസ്‌ലാമിക സമൂഹത്തിന്റെ സാമൂഹിക-സാംസ്കാരിക-നാഗരിക ജീവിതത്തെ മൂർത്തമായി പ്രതിഫലിപ്പിക്കുന്ന ആധുനിക രചനകൾ നിരവധിയുണ്ട്. ഡോ. ഹസൻ ഇബ്റാഹീം ഹസന്റെ *താരീഖുൽ ഇസ്‌ലാം* (നാല് വാല്യം)- ക്ലാസിക്കൽ ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങളിൽനിന്ന് ഭിന്നമായി രാഷ്ട്രീയ ചരിത്രത്തോടൊപ്പം ഇസ്‌ലാമിക സമൂഹത്തിന്റെ സാമൂഹിക-നാഗരിക-സാംസ്കാരിക ചരിത്രം കൂടി സവിസ്തരം പ്രതിപാദിക്കുന്നുണ്ട് ഇതിൽ- അറബി ഭാഷയിലെ പ്രഗല്ഭനായ ചരിത്രകാരനും ഗദ്യകാരനുമായ ശകീബ് അർസ്‌ലാന്റെ *അൽഹുലലുസ്സുൻദുസിയ്യഃ ഫിൽ അഖ്ബാരിൽ അൻദലുസിയ്യഃ, ഗസ്‌വാതുൽ അറബ് ഫീ ഫറൻസാ വശമാലി ഈതാലിയാ വസുവൈസിറഃ, താരീഖുത്തുർകി വദ്ദൗലതിൽ ഉദ്മാനിയ്യഃ,* മഹ്മൂദ് ശാകിറിന്റെ *അത്താരീഖുൽ ഇസ്‌ലാമി,* മുഹമ്മദ് ഖുദ്‌രീബകിന്റെ *മുഹാദറാതുൻ ഫീ താരീഖിൽ ഉമമിൽ ഇസ്‌ലാമിയ്യഃ,* ഡോ. അഹ്മദ് ശലബിയുടെ *മൗസൂഅതുത്താരീഖിൽ ഇസ്‌ലാമി വൽഹദാറതിൽ ഇസ്‌ലാമിയ്യഃ* (10 വാല്യം)- ആധുനിക കാലഘട്ടം വരെയുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രം പ്രതിപാദിക്കുന്ന സമഗ്രമായ ഒരിസ്‌ലാമിക ചരിത്ര ഗ്രന്ഥമാണിത്- കൈറോയിലെ ശരികതുസഫീർ പ്രസിദ്ധീകരിച്ച *മൗസൂഅതു സഫീർ ലിത്താരീഖിൽ ഇസ്‌ലാമി* (ഒമ്പത് വാല്യം) എന്നിവ ഉദാഹരണം.

ഇത്തരം ആധുനിക രചനകൾ കൂടുതൽ പ്രസക്തമാകുന്നത് ക്ലാസിക്കൽ ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങളുടെ മേൽ സൂചിപ്പിച്ച പോരായ്മകൊണ്ടാണ്. നവീന ചരിത്ര രചനാ രീതിയുമായി തട്ടിച്ചു നോക്കുമ്പോൾ പോരായ്മകളുണ്ടെങ്കിലും ക്ലാസിക്കൽ മുസ്‌ലിം ചരിത്രകാരന്മാർ അവലംബിച്ച ചരിത്ര രചനാരീതി അക്കാലത്തെ ഏറ്റവും ആധുനികവും ശാസ്ത്രീയവുമായ രീതിയായിരുന്നുവെന്ന് സമ്മതിക്കാൻ വൈമനസ്യം ഉണ്ടാകേണ്ടതില്ല.